**3074/എം/2014/കെഎസ്എച്ച്ഒ** **16.11.2018**

**പരിപത്രം**

വിഷയം: കുടുംബശ്രീ സ്കൂൾ രണ്ടാം ഘട്ടം – പ്രവർത്തന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച് –

കുടുംബശ്രീ സമൂഹാധിഷ്ഠിത പ്രസ്ഥാനം ഇന്ന് നേരിടുന്ന വെല്ലുവിളികളെയും പരിമിതികളെയും നേരിടുന്നതിനും പ്രവർത്തനങ്ങൾ പുനർനിർണയം നടത്തുന്നതിനുവേണ്ടി വിപുലമായ സമൂഹാധിഷ്ഠിത സ്വയംപഠന പ്രക്രിയയ്ക്ക് 2017 ൽ തുടക്കം കുറിച്ചിരുന്നു. 'കുടുംബശ്രീ സ്കൂൾ' എന്ന പേരിൽ അറിയപ്പെടുന്ന ഈ അനൗപചാരിക വിദ്യാഭ്യാസ പരിപാടി കേരളത്തിലെ എല്ലാ അയൽക്കൂട്ടാംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് സംഘടിപ്പിപ്പിച്ചത്. രണ്ടാമത് കുടുംബശ്രീ സ്കൂൾ പ്രവർത്തനങ്ങൾ സംബന്ധിച്ച് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടപ്പിലാക്കേണ്ട ആസൂത്രണ, നിർവ്വഹണ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. മാർഗ്ഗരേഖ അനുസരിച്ച് കുടുംബശ്രീ സ്കൂൾ പ്രവർത്തനങ്ങൾ സംസ്ഥാന/ജില്ലാ തലങ്ങളിൽ നിർവ്വഹിക്കേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ ഗവേണിംഗ് ബോഡി അംഗങ്ങൾക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർ/ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർമാർക്കും
3. എല്ലാ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
4. എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)
5. അക്കൗണ്ട്സ് സെക്ഷൻ

പകർപ്പ്

കരുതൽ/അധികം

ഉത്തരവിൻ പ്രകാരം,

പ്രോഗ്രാം ഓഫീസർ (സംഘടന)

# കുടുംബശ്രീ സ്കൂൾ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ

## 1. ആമുഖം

കേവല ദാരിദ്ര്യം, സ്ത്രീകളുടെ പിന്നോക്കാവസ്ഥ, പാർശ്വവത്കൃത വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ, പരിസ്ഥിതി തകർച്ച, ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ എന്നിവയെല്ലാം വികസന മേഖലയിൽ പുതിയ ചർച്ചകൾക്കും സംവാദങ്ങൾക്കും വഴിതെളിച്ചു. പങ്കാളിത്ത ഭരണം, പങ്കാളിത്ത വികസനം തുടങ്ങിയ മേഖലകളിൽ 1990 കളിൽ ഉണ്ടായ മുന്നേറ്റങ്ങൾ കേരളം നേരിടുന്ന പ്രശ്നങ്ങളെ പുതിയ സങ്കേതങ്ങളും രീതിശാസ്ത്രവുമുപയോഗിച്ച് നോക്കിക്കാണുന്നതിനും പരിഹരിക്കുന്നതിനും ആത്മാർത്ഥമായി പരിശ്രമിച്ചു. ഈ ശ്രമത്തിന്റെ സൃഷ്ടിയാണ് 1998 ൽ കേരള സർക്കാർ ദാരിദ്ര്യ ലഘൂകരണ മിഷനായി ഔപചാരികമായി ആരംഭിച്ച 'കുടുംബശ്രീ'. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനുമായി രൂപീകരിച്ച സ്ത്രീകളുടെ കൂട്ടായ്മയാണിത്.

ഈ സമൂഹാധിഷ്ഠിത പ്രസ്ഥാനം ഇന്ന് നേരിടുന്ന വെല്ലുവിളികളെയും പരിമിതികളെയും മറികടക്കുന്നതിനും പ്രവർത്തനങ്ങൾ പുനർ നിർണ്ണയം നടത്തുന്നതിനും അംഗങ്ങൾക്ക് അറിവ് പകരാനും സാമൂഹിക അവബോധം വർദ്ധിപ്പിക്കുവാനും പങ്കാളിത്ത വികസന പ്രക്രിയ ശാക്തീകരിക്കാനുമൊക്കെ യായി '**കുടുംബശ്രീ സ്കൂൾ**' എന്ന വിപുലമായ സമൂഹാധിഷ്ഠിത സ്വയം പഠന പ്രക്രിയക്ക് 2017 ൽ കുടുംബശ്രീ തുടക്കം കുറിച്ചു.ഇത്രയധികം ആളുകളെ ഒരൊറ്റ സമൂഹാധിഷ്ഠിത പഠന സംവിധാനത്തിന്റെ ഭാഗമാക്കിയ ലോകത്തെ തന്നെ അപൂർവം പദ്ധതികളിൽ ഒന്നായിരുന്നു '**കുടുംബശ്രീ സ്കൂൾ**'

## 2. ഒന്നാം ഘട്ടം കുടുംബശ്രീ സ്കൂൾ നേട്ടങ്ങൾ

2017 ഒക്ടോബർ മുതൽ നവംബർ വരെ നടത്തിയ ഒന്നാം 'കുടുംബശ്രീ സ്ക്കൂളി'ന് അയൽക്കൂട്ടാംഗങ്ങളിൽ നിന്നും മികച്ച പിന്തുണയും പ്രോത്സാഹ നവും ആവേശവുമായിരുന്നു ലഭിച്ചത്. ഒന്നാം കുടുംബശ്രീ സ്കൂളിന്റെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. കുടുംബശ്രീ സംഘടനാ സംവിധാനത്തെക്കുറിച്ചും പുതിയ പദ്ധതിയെക്കു റിച്ചുമെല്ലാം എല്ലാ അയൽക്കൂട്ടാംഗങ്ങൾക്കും അറിവ് ലഭിച്ചു.

2. കുടുംബശ്രീ പ്രവർത്തനങ്ങളിൽ സാമ്പത്തികമുൾപ്പെടെയുള്ള കാര്യങ്ങളിൽ ചിട്ടകളും അച്ചടക്കബോധവും ധാരണകളും ഉയർത്തുവാൻ കഴിഞ്ഞു.
3. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഇടപെടൽ പ്രക്രിയയിൽ സ്വതന്ത്ര പൗരൻ എന്ന നിലയിൽ ഇടപെടാനുള്ള സാധ്യതകൾ വെളിവാക്കപ്പെട്ടു.
4. നിത്യ ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളും അത്തരം വിഷയങ്ങളിൽ പ്രാദേശിക സർക്കാരുടെ ഇടപെടൽ ശേഷിയും എത്രത്തോളമെന്ന് തിരിച്ചറിവുണ്ടായി .
5. സംഘടനാ ബോധവും സ്ത്രീശാക്തീകരണവും ഒന്നുകൂടി സ്ത്രീകളിലേക്ക് പകർന്നു നൽകുന്നതിന് കഴിഞ്ഞു. വിവിധതരം അഴിമതികൾ എന്തൊക്കെയാണെന്നും അഴിമതി എങ്ങനെ ചെറുക്കാം എന്നുമുള്ള അവബോധം ജനങ്ങളിലേക്ക് വ്യാപിക്കുന്നതിന് സാധിച്ചു.
6. പഠനസ്ക്കൂളുകളുടെ നിർവഹണാനന്തരം വെളിപ്പെട്ട തിരിച്ചറിവുകളിലൂടെയും അവകാശ ബോധത്തിലൂടെയും സമൂഹവും വ്യക്തികളും നേടിയ പലനേട്ടങ്ങളും ചർച്ചയായിട്ടുണ്ട്. മുമ്പ് തമസ്ക്കരിക്കപ്പെട്ടുപോയ പല ക്രിമിനൽ അനാശാസ്യതകളും ലിംഗബോധത്തിലൂടെ തിരിച്ചറിഞ്ഞ് പരിഹരിക്കപ്പെട്ട കേസുകളും ചർച്ചയായിട്ടുണ്ട്.
7. ബാങ്ക്ലിങ്കേജ് നേടുന്നതിന്റെ നേട്ടങ്ങൾ ബോധ്യപ്പെട്ടു.
8. അയൽക്കൂട്ടരൂപീകരണപ്രവർത്തനം മുതൽ സാമൂഹികപ്രതിബദ്ധതയുള്ള ഒരു പൗരന്റെ ധാർമ്മികഉത്തരവാദിത്വം എന്താണെന്ന് വരെയുള്ള കാര്യങ്ങൾ ആശയവിനിമയശോഷണമില്ലാത്ത പ്രഥമസ്ഥാനത്തിലേക്ക് തന്നെ എത്താൻ സാധിച്ചു.
9. സജീവമല്ലാത്ത അയൽക്കൂട്ടങ്ങളെ മുൻനിരയിലെത്തിക്കാൻ ഉത്തേജിപ്പിക്കുന്ന ഔഷധമായിരുന്നു കുടുംബശ്രീ സ്കൂൾ.
10. പഠനപ്രക്രിയയിലെ ഒരു വേറിട്ട രീതി ശാസ്ത്രമായി ഏറ്റവും താഴെത്തട്ടിലേക്ക് അന്ത:സത്ത നഷ്ടപ്പെടാതെ എത്തിക്കാൻ കഴിഞ്ഞു.
11. യുവതലമുറയെ സുരക്ഷതരായി വളർത്തുന്നതോടൊപ്പം തന്നെ സാമൂഹികവിരുദ്ധപ്രവർത്തനങ്ങളിലേക്ക് അകപ്പെടാതെ ശ്രദ്ധിക്കണമെന്ന സന്ദേശം എത്തിക്കാൻ കഴിഞ്ഞു.
12. കേരളത്തിലെ എകസൈസ് വകുപ്പിന്റെ ലഹരിവിമുക്തകേരളമെന്ന ലക്ഷ്യപ്രാപ്തിക്കുള്ള പ്രവർത്തനങ്ങളെക്കുറിച്ച് നൽകിയ പാഠവും പരിശീലനവും പ്രത്യേകമായി ശ്ലാഘിക്കപ്പെട്ടു. കൂടാതെ എക്സൈസ് വകുപ്പിന്റെ ലക്ഷ്യം തന്നെ അനധികൃത മദ്യവില്പനക്ക് അറുതി വരുത്തുക മാത്രമാ

ണെന്ന് ധരിച്ചിരുന്ന ജനതയിലൂടെ പൊതുബോധത്തിൽ ശ്രദ്ധേയമായ മാറ്റം വരുത്തുവാൻ സാധിച്ചു.

കുടുംബശ്രീ സ്ക്കൂളിന്റെ സംഘടനാ പരിമിതികൾ, ഫീൽഡിലെ ഭൂമിശാസ്ത്ര പരമായി ഉണ്ടായ ബന്ധപ്പെടൽ എന്നിങ്ങനെ പ്രാദേശികമായി പലതും തിരിച്ച റിയാൻ കഴിഞ്ഞിട്ടുള്ളത് രണ്ടാം ഘട്ട സ്ക്കൂളിന്റെ പരിശീലന ഘട്ടത്തിൽ മറികടക്കാൻ കഴിയണം. കുടുംബശ്രീ സ്ക്കൂളിനായി തയ്യാറാക്കി നൽകിയ പാഠപുസ്തകത്തിന്റെ ഉള്ളടക്കവും അവലംബിച്ച രീതിശാസ്ത്രവും വളരെ യേറെ ഫലപ്രദവും മുൻരീതികളിൽ നിന്നും വ്യത്യസ്തവുമായിരുന്നതായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

## 3. എന്താണ് കുടുംബശ്രീ സ്കൂൾ ?

കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പരിശീലനത്തിനായി തിരഞ്ഞെടുത്ത സ്വമേധയാ സേവനം ചെയ്യുന്ന സമൂഹാധിഷ്ഠിത പരിശീലകർ (Community Teachers) വഴി എല്ലാ അയൽക്കൂട്ടങ്ങളിലും 6 ദിവസം രണ്ട് മണിക്കൂർ വീതം (ആകെ 12 മണിക്കൂർ) ആറ് വിവിധ വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചയും പഠ നവും അടങ്ങിയ സാമൂഹ്യാധിഷ്ഠിത പരിശീലന പദ്ധതിയാണ് (Community Training Center) **കുടുംബശ്രീ സ്കൂൾ**.

### ലക്ഷ്യങ്ങൾ

1. അയൽക്കൂട്ടാംഗങ്ങളുടെ തുടർച്ചയായ പരിശീലനം.
2. അയൽക്കൂട്ടാംഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്ക്കാരികമായ ശാക്തീകരണത്തിനായി രാസത്വരകമായി പ്രവർത്തിക്കുക.
3. സ്ത്രീകൾക്കും കുട്ടിക്കൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ പൊതു അവബോധം സൃഷ്ടിക്കുക.
4. കുടുംബശ്രീ പദ്ധതികളുടെ നടത്തിപ്പിലും വിലയിരുത്തലിലും ക്രിയാത്മകമായ പിന്തുണ നല്കുക.
5. കുടുംബശ്രീ പദ്ധതികളെക്കുറിച്ച് അംഗങ്ങളിൽ അവബോധം സൃഷ്ടിക്കുക.
6. ലഘു സമ്പാദ്യ വായ്പാ പ്രവർത്തനങ്ങളെ ക്രമപ്പെടുത്തുക.
7. അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുക
8. സാമൂഹ്യ തിന്മകൾക്കെതിരെ അംഗങ്ങളെ ജാഗരൂഗരാക്കുക.

9. പ്രാദേശിക ആസൂത്രണം, വികസനം, പദ്ധതികളുടെ നടത്തിപ്പ് ഇവയിൽ പ്രാദേശിക കൂട്ടായ്മ എന്ന നിലയിൽ അയൽക്കൂട്ടങ്ങളുടെ പിന്തുണ ഉറപ്പാക്കുക.
10. ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏറ്റെടുക്കുന്നതിന് അംഗങ്ങളെ പ്രാപ്തരാക്കുക.

**4. രണ്ടാം ഘട്ടം കുടുംബശ്രീ - സ്കൂൾ നിർദ്ദേശിക്കുന്ന പാഠ്യ വിഷയങ്ങൾ**

1. കുടുംബശ്രീ അയൽക്കൂട്ടം } ഒന്നാം ഘട്ടം റിവിഷൻ
2. കുടുംബശ്രീ പദ്ധതികൾ }
3. അയൽക്കൂട്ട കണക്കെഴുത്ത്
4. കുടുംബ ധനമാനേജ്മെന്റ്
5. ഉപജീവന പ്രവർത്തനം മൈക്രോസംരംഭങ്ങളിലൂടെ
6. ദുരന്ത നിവാരണം കുടുംബശ്രീ പങ്ക്

ഇപ്രകാരം 6 ദിവസം 2 മണിക്കൂർ വീതം 12 മണിക്കൂർ കേരളത്തിലെ എല്ലാ അയൽക്കൂട്ടങ്ങളിലും പഠനം.

**5. 2018–19 കുടുംബശ്രീ സ്കൂൾ നടപ്പിലാക്കുന്ന രീതി**

കുടുംബശ്രീ സ്കൂളിൽ ക്ലാസ്സെടുക്കാൻ ചർച്ച നയമിക്കാൻ ഏഴ് അയൽക്കൂട്ടത്തിനു ഒന്ന് എന്ന രീതിയിൽ വാർഡുകളിൽ നിന്നും അധ്യാപകരെ കണ്ടെത്തും.ഈ അദ്ധ്യാപകരാണ് വാർഡുകളിൽ ക്ലാസുകൾ കൈകാര്യം ചെയുന്നത്. എന്നാൽ പ്രസ്തുത വാർഡിൽ 8 മുതൽ 14 വരെ അയൽക്കൂട്ടങ്ങൾ വരികയാണെങ്കിൽ അവിടെ 2 അധ്യാപകരെയും 15 മുതൽ 21 വരെ അയൽക്കൂട്ടങ്ങൾ വരികയാണെങ്കിൽ 3 അധ്യാപകരെയും നിയമിക്കേണ്ടതാണ്. 22 മുതൽ മുകളിലേക്ക് വരുന്ന അയൽക്കൂട്ടത്തിനു അനുസരിച്ച് കൂടുതൽ അദ്ധ്യാപകരെ മുകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ നിയമിക്കുന്നതാണ്. പൂർണമായും വോളണ്ടറി സേവന മാതൃകയിൽ ആണ് ഈ നിയമനം നടത്തുന്നത്. ഇപ്രകാരം സംസ്ഥാനത്തൊട്ടാകെ **43,000 അദ്ധ്യാപകരാണ്** ഈ പ്രവർത്തനത്തിനായി സന്നദ്ധരാവുന്നത്. റിട്ടയർചെയ്ത അധ്യാപകർ, സന്നദ്ധ പ്രവർത്തനത്തിന് തയ്യാറുള്ള കോളേജ് വിദ്യാർത്ഥികൾ, മുൻ കുടുംബശ്രീ ഭാരവാഹികൾ, കുടുംബശ്രീ പരിശീലകർ എന്നിവരാണ് അധ്യാപകരായി സേവനമനുഷ്ഠിക്കുന്നത്. സമൂഹത്തിന്റെ താഴെത്തട്ടിൽ ഏറ്റവും ഫലപ്രദമായി വിവരങ്ങൾ എത്തിക്കുന്നതിനും സാധാരണക്കാരായ വനിതകളെയും അവരിലൂടെ അവരുടെ കുടുംബാംഗങ്ങളെയും പ്രബുദ്ധരാക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിതമാകും.

മുകളിൽ സൂചിപ്പിച്ച നാല് പുതിയ വിഷയങ്ങളും കഴിഞ്ഞ വർഷത്തെ രണ്ട് വിഷയങ്ങളുടെ റിവിഷനും ആണ് ഈ വർഷം കുടുംബശ്രീ സ്കൂളിൽ ഉൾപ്പെടുത്തിയത്. ശനി, ഞായർ ദിവസങ്ങളിൽ രാവിലെ ഒരു അയൽക്കൂട്ടത്തിനും വൈകിട്ട് ഒരു അയൽക്കൂട്ടത്തിനും ക്ലാസ് എടുക്കേണ്ടതാണ്. 7 അയൽക്കൂട്ടം ഉള്ള ഒരു അധ്യാപകന് 4 ക്ലാസുകൾ തീർക്കുന്നതിന് 7 ആഴ്ച സമയം എടുക്കുന്നതാണ്. കൂടാതെ അയൽക്കൂട്ടം ആവശ്യപ്പെടുന്ന സമയങ്ങളിൽ റിവിഷൻ പാഠങ്ങളും പഠിപ്പിക്കണ്ടതാണ്. എന്നാൽ ക്ലാസുകൾ തീരുമാനിക്കുമ്പോൾ അയൽക്കൂട്ടങ്ങളുടെ സൗകര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം വിജയകരമായി ക്ലാസിൽ പങ്കെടുത്ത് അവലോകന ഫോറം ഡാറ്റ എൻട്രി നടത്തുന്ന അയൽക്കൂട്ടങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകും.

**6. ഉദ്യോഗസ്ഥർക്ക് സി.ഡി.എസ്തല ചുമതല**

കുടുംബശ്രീ സ്കൂൾ മുഖ്യ നടത്തിപ്പ് ചുമതല സംഘടന എ.ഡി.എം.സി ക്ക് ആയിരിക്കും, സംഘടന ഡി.പി.എം സഹ ചുമതല വഹിക്കണം , കൂടാതെ ജില്ലയിലെ സംഘടന ചുമതലയുള്ള ബ്ലോക്ക് കോഓർഡിനേറ്റർ മാർക്ക് സി ഡി എസ് തുല്യമായി വിഭജിച്ച് നൽകണം. ഈ സിഡിഎസ്സിലെ സ്കൂൾ സംബന്ധിച്ചു നടക്കുന്ന മുഴുവൻ കാര്യങ്ങളുടെയും പ്രവർത്തനം കോർഡിനേറ്റ് ചെയ്യുന്നതിന്റെ ഉത്തരവാദിത്തം സംഘടന ബ്ലോക്ക് കോഓർഡിനേറ്റർക്ക് നൽകണം. ജില്ലയിൽ ആവശ്യമായ മോണിറ്ററിംഗ് നടത്താൻ വേണ്ടി ജില്ലാ മിഷൻ ഓഫീസുകൾ ഇതു സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണം. ജില്ലാ പ്രോഗ്രാം മാനേജർമാർ, ബ്ലോക്ക് കോ ഓർഡിനേറ്റർമാർ (എല്ലാവരും) എന്നിവർ നിർബന്ധമായും ഈ ആറ് വിഷയം നടക്കുമ്പോൾ കഴിയുന്നത്ര അയൽക്കൂട്ടങ്ങളിൽ പങ്കെടുക്കണം. ഇതിന്റെ റിപ്പോർട്ട് സംസ്ഥാന മിഷനിൽ നിന്നും അയച്ചു തരുന്ന ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.

**7. സാമ്പത്തിക അവലോകനം**

**7.1 എ.ഡി.എസ്. മാസ്റ്റർ അധ്യാപകർക്കുള്ള ജില്ലാ തല പരിശീലനം (ചുമതല ജില്ലാ മിഷൻ)**

എ.ഡി.എസ് മാസ്റ്റർ അധ്യാപകർക്കുള്ള രണ്ടു ദിവസത്തെ നോൺ റെസിഡൻഷ്യൽ പരിശീലനം. ഇപ്രകാരം 43,000 പേർ പരിശീലനത്തിൽ പങ്കെടുക്കും. നവംബർ 9 മുതൽ നവംബർ 30 വരെ പരിശീലനം സംഘടിപ്പിക്കണം. 60 ൽ കൂടുതൽ ബാച്ച് പരിശീലനം നടത്തേണ്ട ജില്ലകൾ ഒരേ സമയം 6 ബാച്ച് പരിശീലനം സംഘടിപ്പിക്കണം. 50 മുതൽ

60 വരെ ബാച്ച് ഉള്ള ജില്ലകൾ ഒരേ സമയം 5 ബാച്ച് പരിശീലനം സംഘടിപ്പിക്കണം. 50 ൽ താഴെ ബാച്ച് പരിശീലനം നടത്തേണ്ട ജില്ലകൾ ഒരേ സമയം 4 ബാച്ച് പരിശീലനം സംഘടിപ്പിക്കണം. ജില്ലയിലെ ബാച്ചിന്റെ എണ്ണത്തിന് അനുസരിച് ഫാക്കൽറ്റികളെ വിന്യസിക്കേണ്ടതാണ്. ഒരു ബാച്ചിൽ 6 വിഷയം ആണ് പഠിപ്പിക്കേണ്ടത്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കണം. ജില്ലയിലെ പരിശീലന ഗ്രൂപ്പുകൾക്ക് (സി.ടി.സി.) എ.ഡി.എസ് തല അധ്യാപകരുടെ പരിശീലന ചുമതലയും സംഘാടന ചുമതലയും നൽകേണ്ടതാണ്. പരിശീലനം സംഘടിപ്പിക്കുന്നതിനു സി ടി സി യുമായി ജില്ലാ മിഷൻ കരാറിൽ ഏർപ്പെടേണ്ടതാണ്. സ്റ്റോർ പർച്ചേയ്സ് മാനദണ്ഡങ്ങൾക്കനുസൃതമായി തുക ചെലവഴിക്കേണ്ടതാണ്.

## ബഡ്ജറ്റ്

| ക്രമ നം | ഇനം | തുക (രൂപ) | പരമാവധി ചിലവാകുന്ന തുക |
|---|---|---|---|
| 1. | ഫാക്കൽറ്റി ഹോണറേറിയം | ഒരു ക്ലാസ്സിന് 800 + (യാത്ര ബത്ത ഉൾപ്പടെ ) (ഒരു ബാച്ചിൽ 3 പരിശീലകർ x 2 ദിവസം ഇപ്രകാരം 716 ബാച്ചുകളിലായി 4296 പേർ) ഒരു ബാച്ചിൽ 6 ക്ലാസ്സ് | 4800 x 716 =34,36,800 |
| 2. | ഭക്ഷണം | ഒരാൾക്ക് രണ്ടു ദിവസത്തേയ്ക്ക് 150/- രൂപ) റിഫ്രഷ്മെന്റ് - 25/- രൂപ (ഒരു ദിവസത്തേക്ക് ) ഊണ് - 50/- രൂപ (പ്രതിദിനം ആകെ 75/- രൂപ) | 43000 ആർ പിമാർ 6000 ഫാക്കൽറ്റി, കോസ്റ്റൽ ആർ പിമാർ , ആനിമേറ്റർസ് =49000 x150 = 73,50,000 |
| 3. | ബുക്ക്,പേന | ഒരാൾക്ക് പരമാവധി 20/- | 43000 x 20 = 8,60,000 |
| 4. | യാത്ര ബത്ത പരിശീലനാർത്ഥികൾക്ക് | ഒരാൾക്ക് പരമാവധി 100/- (43000*100) | 43,00,000 |
| 5. | പരിശീലന സ്റ്റേഷനറി | ചാർട്ട് പേപ്പർ, സ്കെച്ച്, ഏ4 പേപ്പർ, രജിസ്ട്രേഷൻഫോറം,ഡബിൾ സൈഡ് ടേപ്പ്, എന്നിവയ്ക്ക് 200/- ഒരു ബാച്ചിന് | 200 x 716 =1,43,200 |
| | | **പ്രതീക്ഷിക്കുന്ന ആകെ ചിലവ്** | **1,60,90,000 രൂപ** |

പരിശീലനത്തിനായി പഞ്ചായത്ത്/നഗരസഭാ ഹാളുകൾ സൗജന്യമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.ഏതെങ്കിലും സി.ഡി.എസിൽ ഇപ്രകാരം ഹാൾ ലഭിക്കാതെ വന്നാൽ ജില്ലാ മിഷൻ കോഓർഡിനേറ്റർ ഇക്കാര്യം സംസ്ഥാന മിഷന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതാണ്.

### 7.2 മോണിറ്ററിങ് റിപ്പോർട്ട് തയാറാക്കൽ (ചുമതല ജില്ലാ മിഷൻ)

പരിശീലന ഗ്രൂപ്പുകൾക്ക് സി ഡി എസ് തുല്യമായി വിഭജിച്ച് നൽകേണ്ടതാണ്. കുടുംബശ്രീ സ്കൂൾ നടക്കുന്ന 2 മാസവും ഇവരെ സി ഡി എസ്സുകളിൽ നിയോഗിക്കണം. പരിശീലന ഗ്രൂപ്പ് ഇവർക്ക് ചുമതല ഉള്ള സി ഡി എസ്സിലെ പ്രവർത്തനം വിലയിരുത്തുകയും റിപ്പോർട്ട് തയാറാക്കി സംഘടന ബി സി മാർക്ക് നല്കുകയും വേണം. എല്ലാ വ്യഴായ്ച്ചയും ജില്ലാതല റിവ്യൂ മീറ്റിംഗ് നിർബന്ധമായും നടക്കണം. മോണിറ്ററിങ്, ഡോക്യൂമെന്റേഷൻ, അവലോകന ഫോറം ഡാറ്റ എൻട്രി എന്നി പ്രവർത്തനങ്ങൾ ഈ സമയങ്ങളിൽ പരിശീലന ഗ്രൂപ്പ് നടത്തി റിപ്പോർട്ട് ജില്ലാ മിഷനിൽ നൽകേണ്ടതാണ്. സ്കൂൾ ആരംഭിക്കുന്നത് മുതൽ 2 മാസം പരിശീലന ഗ്രൂപ്പിനെ സി ഡി എസ്സിൽ മോണിറ്ററിംഗിനായി നിയമിക്കണം. പൂർണ്ണമായ റിപ്പോർട്ട് പരിശീലന ഗ്രൂപ്പിൽ നിന്നും കിട്ടിയതിനു ശേഷം താഴെ പറയുന്ന തുക പരിശീലന ഗ്രൂപ്പിന് നൽകേണ്ടതാണ് ഈ പ്രവർത്തനം നടത്തുന്ന ഓരോ മാസവും 6,500 രൂപ മോണിറ്ററിങ്, ഡോക്യൂമെന്റേഷൻ, അവലോകന ഫോറം ഡാറ്റ എൻട്രി എന്നിവയ്ക്കായി ഇവർക്ക് നൽക്കാവുന്നതാണ്

**പ്രതീക്ഷിക്കുന്ന ആകെ ചിലവ് – 270 പരിശീലന ഗ്രൂപ്പ് അംഗങ്ങൾക്ക് x 6,500 x 2 മാസം = 35,10,000 - രൂപ ( 270 x 6500 x 2 = 35,10,000 )**

### 7.3 കൈപുസ്തകം അച്ചടി (ചുമതല സംസ്ഥാന മിഷൻ)

അയൽക്കൂട്ടത്തിനും എ.ഡി.എസ്. ആർ.പി.മാർക്കും ഒരു കോപ്പി വീതം (2,75,000+45,000) (3,20,000 x പരമാവധി Rs.28/copy).

**പ്രതീക്ഷിക്കുന്ന ആകെ ചിലവ് =89,60,000 /- രൂപ**

കാസർഗോഡ് ജില്ലയിൽ കന്നഡ ഭാഷയിലേക്ക് പരിഭാഷ നിർവ്വഹിക്കുന്നതിന്നും 3000 കൈപുസ്തകം അച്ചടിക്കുന്നതിന്നും താഴെപ്പറയും പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

കന്നഡ പരിഭാഷകർ 12 പേരെ 4 ദിവസത്തേക്ക് ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഇവർക്ക് പ്രതിദിനം 750/- രൂപ ഹോണറേറിയമായി നൽകാവുന്നതാണ്.

**പ്രതീക്ഷിക്കുന്ന ചിലവ് - 12 x 04 = 48 x 750=36000 = /- രൂപ**

തമിഴ് കൈപ്പുസ്തകം അച്ചടിക്കേണ്ട ജില്ലകൾ മുകളിൽ പറഞ്ഞിരിക്കുന്ന ബഡ്ജറ്റ് അനുസരിച്ച് പുസ്തകം പ്രിന്റ് ചെയ്യേണ്ടതാണ്.

**പ്രതീക്ഷിക്കുന്ന ചിലവ് - 12 x 04 = 48 x 750=36000 = /- രൂപ**

കൂടാതെ റിസോഴ്സ് പേഴ്സൺമാർക്ക് പഠിപ്പിക്കുന്നതിനുള്ള പഠന സഹായി പ്രത്യേകം തയാറാക്കുന്നു. ഇത് പ്രിന്റ് ചെയ്യുന്നതിനായി ഒരു കോപ്പിക്ക് പരമാവധി 20/ രൂപ ചിലവഴിക്കാവുന്നതാണ് .

**പ്രതീക്ഷിക്കുന്ന ചിലവ് - 20 x 43000 = 8,60,000 /- രൂപ**

**7.4 പോസ്റ്റർ (ചുമതല സംസ്ഥാന മിഷൻ)**

ഒരു സി.ഡി.എസിന് 10 എണ്ണം വീതം 1,065 സിഡിഎസിന് 10,650 വും ജില്ലാ സംസ്ഥാന മിഷനുകൾക്കായി 150 എണ്ണവും പ്രിന്റ് ചെയ്യുന്നതിന് പരമാവധി ഒരു കോപ്പിക്ക് 05/- രൂപ പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച്/ഗവൺമെന്റ് അംഗീകൃത/ കുടുംബശ്രീ പ്രസുകൾ മുഖേന പോസ്റ്റർ പ്രിന്റ് ചെയ്യണം.

**പ്രതീക്ഷിക്കുന്ന ആകെ ചിലവ് - 10,800 x 05 = 54,000/- രൂപ**

7.5 **കുടുംബശ്രീ സ്കൂൾ പ്രചരണ ഗാനങ്ങൾ** (ചുമതല ജില്ലാ മിഷകുകൾക്ക്)

ഒരു ജില്ലാ മിഷന് പ്രചരണ ഗാനം റിക്കാർഡ് ചെയ്തു നൽകുന്നതിന് 6,000/- രൂപ ചിലവഴിക്കാവുന്നതാണ്.

**പ്രതീക്ഷിക്കുന്ന ആകെ ചിലവ് – 14 x 6,000 = 84,000/- രൂപ**

7.6 **അയൽക്കൂട്ടങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ** (ചുമതല സംസ്ഥാന മിഷൻ)

ഒരു സർട്ടിഫിക്കറ്റിന് പരമാവധി 3/– രൂപ നിരക്കിൽ പ്രിന്റ് ചെയ്യണം.

**പ്രതീക്ഷിക്കുന്ന ആകെ ചിലവ് - 2,77,175 x 03 = 8,31,525/- രൂപ**

**7.7 സംസ്ഥാന ജില്ലാതല ഉദ്ഘാടനങ്ങളും വിശിഷ്ട വ്യക്തികളെ പങ്കെടുപ്പിക്കലും (ചുമതല സംസ്ഥാന/ ജില്ലാ മിഷനുകൾ)**

ജില്ലയിലെ മന്ത്രിമാരെ ഉൾപ്പെടുത്തി ഉദ്ഘാടനങ്ങൾ സംഘടിപ്പിക്കണം. സംസ്ഥാനതല ഉദ്ഘാടനം നടക്കുന്ന ജില്ലയിൽ പ്രത്യേക ജില്ലാതല ഉദ്ഘാടനം നടത്തേണ്ടതില്ല.

ജില്ലയിലെ എം.എൽ.എമാർ, പാർലമെന്റ് അംഗങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, ഗവേണിംഗ് ബോഡി അംഗങ്ങൾ, ജില്ലാ പോലീസ് മേധാവി അടക്കമുള്ള ഉദ്യോഗസ്ഥ പ്രമുഖർ,

സെലിബ്രറ്റികൾ എന്നിവരെ പരമാവധി അയൽക്കൂട്ടതല സ്കൂളിലേക്ക് ക്ഷണിക്കണം. ഇതിനായി ജില്ലാതലത്തിലും സി ഡി എസ് തലത്തിലും പ്രത്യേക കർമ്മ പരിപാടി തയ്യാറാക്കണം. വിശിഷ്ടാതിഥികൾ പങ്കെടുക്കുന്ന സ്കൂളുകളിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തണം. സി ഡി എസ് ചെയർപേഴ്സൺമാർക്ക് ഇതു സംബന്ധിച്ച് പ്രത്യേകമായ അറിയിപ്പു കൊടുക്കണം.

ജില്ലാ, സംസ്ഥാനതല ഉദ്ഘാടനത്തിന് 50,000/- രൂപ വീതം പരമാവധി ചിലവഴിക്കാവുന്നതാണ്.

**പ്രതീക്ഷിക്കുന്ന ആകെ ചിലവ് - 30,000 X 14 = 4,20,000/- രൂപ**

### 7.8 ഡോക്യുമെന്റേഷൻ

കഴിഞ്ഞ വർഷം ചെയ്ത മൊബൈൽ അപ്ലിക്കേഷൻ വഴി ഡോക്യൂമെന്റേഷൻ നടത്തേണ്ടതാണ്. മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിക്കുന്നതിനായി എല്ലാ ജില്ലകൾക്കും സി ഡി എസ്സിനും പ്രത്യേക യൂസർ നെയിം പാസ്‌വേർഡ് എന്നിവ നൽകുന്നതാണ് . കൂടാതെ ജില്ലയിലെ മുഴുവൻ എ ഡി എസ് അധ്യാപകർക്കും സി ഡി എസ് തിരിച് പ്രത്യേകം തിരിച്ചറിയൽ നമ്പറും നൽകണം. 7.2 ൽ പ്രതിപാദിച്ച രീതിയിൽ പരിശീലന ഗ്രൂപ്പുകൾ ഈ പ്രവർത്തനം മോണിറ്ററിങ് ചെയേണ്ടതാണ്. തുക ഖണ്ഡികയിൽ നൽകിയിട്ടുണ്ട്

### 7.9 സ്കൂൾ വിലയിരുത്തലും കുടുംബശ്രീ പ്രവർത്തന വിലയിരുത്തൽ പഠനവും

കുടുംബശ്രീ സ്കൂൾ വിലയിരുത്തലും കുടുംബശ്രീ പ്രവർത്തനങ്ങളെ ആകെ വിലയിരുത്തുന്നതിനുമായി വിലയിരുത്തൽ ചോദ്യാവലി തയ്യാറാക്കി എ.ഡി.എസ്. ആർ.പി. മുഖേന ഈ ചോദ്യാവലി പൂരിപ്പിച്ച് ക്രോഡീകരിക്കണം. പൂരിപ്പിച്ച ചോദ്യാവലി ഡാറ്റ എൻട്രി ചെയ്യണ്ട ഉത്തരവാദിത്വം ആ സി.ഡി.എസ്സിലെ പരിശീലന ഗ്രൂപ്പിന് ആണ്. രണ്ട് മാസത്തേക്ക് പ്രവർത്തിക്കുന്നതിന് നിശ്ചിത ഡോക്യൂമെന്റേഷൻ, മോണിറ്ററിംഗ്, അവലോകന തുക നൽകുന്നതിനാൽ ഡാറ്റ എൻട്രി നടത്തുന്നതിന് പ്രത്യേക തുക നൽകേണ്ടതില്ല.

### 7.10 മൈക്രോ ക്രെഡിറ്റ് സമ്മിറ്റ് ഫോറം , മൈക്രോ സൂക്ഷ്മതല വായ്പ ആസൂത്രണം ഫോറം ഡാറ്റ എൻട്രി.

മൈക്രോ ക്രെഡിറ്റ് സമ്മിറ്റ് , മൈക്രോ സൂക്ഷ്മതല വായ്പ ആസൂത്രണം ഫോറം ഡാറ്റ എൻട്രി നടത്തുന്നതിനായി പ്രേത്യേക സർക്കുലർ സംസ്ഥാന മിഷനിൽ നിന്നും ഇറക്കുന്നതാണ്. ഇതിനായി പ്രേത്യേകം തുക മാറ്റിവെച്ചിട്ടുണ്ട്.

ഖണ്ഡിക 7.2 ൽ പറയുന്ന ഡാറ്റ എൻട്രിയിൽ ഈ രണ്ട് ഫോറത്തിന്റെ ഡാറ്റ എൻട്രി ഉൾപ്പെടില്ല.

### 7.11 ജില്ലാതല ആസൂത്രണം

ജില്ലാതല ആസൂത്രണ യോഗങ്ങൾക്കായി പരമാവധി 1,000 രൂപവരെ ജില്ലാ മിഷനിൽ നിന്ന് വഹിക്കേണ്ടതാണ്. **പ്രതീക്ഷിക്കുന്ന ആകെ ചിലവ് – 14,,000/- രൂപ**

### 7.12 സി.ഡി.എസ്. ആർ.പി. മാരുടെയും മോണിട്ടറിംഗ് ടീം അംഗങ്ങളുടെയും ഏകദിന ജില്ലാതല യോഗം

ഒരാൾക്ക് പരമാവധി 100 രൂപ നിരക്കിൽ ചിലവഴിക്കാവുന്നതാണ്.

**പ്രതീക്ഷിക്കുന്ന ആകെ ചിലവ് – 1,40,000/- രൂപ**

### 7.13 ആദിവാസി, തീരദേശ മേഖലകൾ

ആദിവാസി മേഖലകളിൽ കുടുംബശ്രീ സ്കൂൾ പ്രവർത്തനം വിജയകരമായി സംഘടിപ്പിക്കുന്നതിനായി ആനിമേറ്റേഴ്സിന്റെ പ്രത്യേക യോഗം വിളിച്ചു ചേർത്ത് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. ആദിവാസി മേഖലകളിൽ മോണിട്ടറിംഗിനായി ഇവരെ പ്രത്യേകമായി ചുമതലപ്പെടുത്തേണ്ടതാണ്.

തീരദേശ പഞ്ചായത്തുകളിൽ തീരദേശ വോളന്റിയർമാ രുടെയും തീരദേശ നഗരസഭകളിൽ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെയും സേവനം ഉപയോഗപ്പെടുത്തണം.

ഇപ്രകാരം പ്രവർത്തിക്കുന്ന ആനിമേറ്റേഴ്സ്, തീരദേശ വോളന്റിയർമാർ എന്നിവർക്കു സി ഡി എസ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒരു മാസം 500 രൂപ നൽകാവുന്നതാണ്.

**പ്രതീക്ഷിക്കുന്ന ആകെ ചിലവ് – 300X 1000= 3,00,000/- രൂപ**

### 7.14 സി.ഡി.എസ്തല വിലയിരുത്തൽയോഗം

സ്കൂൾ തുടങ്ങി ശേഷം സി.ഡി.എസ്. തലത്തിൽ എല്ലാ എ.ഡി.എസ്. അധ്യാപകരെയും വിളിച്ചു ചേർക്കുകയും ക്ലാസ് വിലയിരുത്തുകയും പോരായ്മകൾ ചർച്ച ചെയ്യുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. യോഗത്തിൽ പങ്കെടുക്കുന്നവർക്ക് റിഫ്രെഷ്മെന്റ് നൽക്കുന്നതിനായി **15 രൂപ നിരക്കിൽ** (ആർ.പി. എണ്ണത്തിനനുസരിച്ച്) അനുവദിക്കാവുന്നതാണ്. ഇപ്രകാരം സ്ക്കൂൾ നടന്ന കാലയളവിൽ കൃത്യമായ

ഇടവേളകൾ കണക്കാക്കി മൂന്ന് വിലയിരുത്തൽ യോഗങ്ങൾ സി ഡി എസ് തലത്തിൽ നടത്തേണ്ടതാണ്.

**ആകെ അനുവദിക്കാവുന്ന തുക – 43,000 x 15 x 3 ആഴ്ച = 19,35,000/- രൂപ**

**8. പ്രചരണ പ്രവർത്തനങ്ങളും അയൽക്കൂട്ടതല ആസൂത്രണവും**

നവംബർ മാസത്തെ അവസാന ആഴ്ചകളിൽ കൂടുന്ന അയൽക്കൂട്ട യോഗത്തിൽ സ്കൂൾ സംഘാടനം പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യണം. സ്കൂൾ പ്രവർത്തന സമയം, കുടുംബാംഗങ്ങളെ പങ്കെടുപ്പിക്കൽ, ജനപ്രതിനിധികൾ മറ്റു വിശിഷ്ടാതിഥികളെ പങ്കെടുപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുകയും വേണം. ഇതു കൂടാതെ ജില്ലകൾക്ക് സാമ്പത്തിക ചിലവില്ലാതെ സി.ഡി.എസ്./എ.ഡി.എസ്./അയൽക്കൂട്ട തലങ്ങളിൽ വ്യത്യസ്തവും നൂതനവുമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

കവിയരങ്ങ്, പോസ്റ്റർ രചന, കൈപുസ്തക നിർമ്മാണം, ബാല സഭാ പ്രവർത്തകരുടെ കലാ പരിപാടികൾ, ഗ്രാമ ഭേരികൾ, അയൽക്കൂട്ടതലങ്ങളിൽ വിവിധ മത്സരങ്ങൾ തുടങ്ങി സാമ്പത്തിക ചിലവ് ഇല്ലാത്ത നൂതനവും ശ്രദ്ധേയവുമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

**8.1 വാട്സ് അപ്പ് പ്രചരണം**

എ.ഡി.എസ്. ആർ.പി. മാരെ ഉപയോഗിച്ച് സി.ഡി.എസ് തലത്തിലും വാട്സ് അപ്പ് ഗ്രൂപ്പ് രൂപീകരിക്കണം.

**9. പ്രവേശനോത്സവം**

കുടുംബശ്രീ സ്കൂൾ ആരംഭിക്കുന്ന ദിവസം എല്ലാ അയൽകൂട്ടങ്ങളിലും പ്രവേശനോത്സവം സംഘടിപ്പിക്കണം. ബാലസഭാ പ്രവർത്തകർ, കുടുംബാംഗങ്ങൾ എന്നിവരെ പ്രാത്യേകമായി ക്ഷണിക്കണം. അധ്യാപകരെ പൂച്ചെണ്ട് നൽകി സ്വീകരിക്കണം. കഴിഞ്ഞ വർഷത്തെ സർട്ടിഫിക്കറ്റ് പ്രവേശനോത്സവത്തിന്റെ അന്ന് അയൽക്കൂട്ടത്തിലെ മുതിർന്ന അംഗത്തിന് നൽകണം.

## സാമ്പത്തിക അവലോകനം – ഒറ്റനോട്ടത്തിൽ

| Sl No | ചിലവിനം | പ്രതീക്ഷിത ചിലവ് |
|---|---|---|
| 1 | എ.ഡി.എസ്തല അധ്യാപകർക്കുള്ള പരിശീലനം | 1,60,90,000 |
| 2 | മോണിറ്ററിങ്, റിപ്പോർട്ട് തയാറാക്കൽ | 35,10,000 |
| 3 | കൈപുസ്തക അച്ചടി | 98,92,000 |
| 4 | പോസ്റ്റർ | 54,000 |
| 5 | പ്രചരണ ഗാനം | 84,000 |
| 6 | അയൽക്കൂട്ടങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ | 8,31,525 |
| 7 | സംസ്ഥാന ജില്ലാതല ഉദ്ഘാടനങ്ങളും വിശിഷ്ട വ്യക്തികളെ പങ്കെടുപ്പിക്കലും | 4,20,000 |
| 8 | ജില്ലാതല ആസൂത്രണം | 14,000 |
| 9 | എ.ഡി.എസ്. ആർ.പിമാടെയും മോണിട്ടറിംഗ് ടീം അംഗങ്ങളുടെയും ഏകദിന ജില്ലാതല യോഗം | 1,40,000 |
| 10 | ആദിവാസി തീരദേശ മേഖലകൾ | 3,00,000 |
| 11 | കുടുംബശ്രീ സ്കൂൾ സി ഡി എസ് വിലയിരുത്തൽ | 19,35,000 |
| | **ആകെ പ്രതീക്ഷിക്കുന്ന ചിലവ്** | **3,32,70,525** |

**ജില്ലാ മിഷൻ ചുമതലകൾ**

1. ജില്ലാതല ആസൂത്രണ യോഗം ജില്ലാ മിഷൻ കോ ഓർഡിനേറ്ററുടെ അധ്യക്ഷതയിൽ ജില്ലയിലെ മുഴുവൻ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് സംഘടിപ്പിക്കണം.
2. കുടുംബശ്രീ സ്കൂളിന്റെ പ്രവർത്തന മേൽനോട്ട ചുമതല എ.ഡി.എം.സി. (സംഘടന)ക്ക് നൽകേണ്ടതാണ്.
3. സ്കൂൾ പ്രവർത്തന റിപ്പോർട്ട് സി.ഡി.എസ്. തിരിച്ച് തയ്യാറാക്കി സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ട ഉത്തരവാദിത്വം ജില്ലാ പ്രോഗ്രാം മാനേജർ (സംഘടന)ക്ക് ആണ്.
4. ജില്ലയിലെ ഓരോ ഉദ്യോഗസ്ഥർക്കും എണ്ണത്തിനാനുപാതികമായി സി.ഡി.എസുകളെ ക്ലസ്റ്റർ ചെയ്ത് ചുമതല നൽകണം. ഇവർ

സി.ഡി.എസ്. തല ആസൂത്രണ യോഗത്തിൽ നിർബന്ധമായും പങ്കെടുക്കണം.

5. സ്കൂൾ ദിവസങ്ങളിൽ ചുമതലയുള്ള ഉദ്യോഗസ്ഥർ ഫീൽഡിൽ ഉണ്ടായിരിക്കണം.
6. ജില്ലയിലെ ഗവേണിംഗ് ബോഡി അംഗങ്ങളെ ആസൂത്രണ യോഗങ്ങളിലും ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങളിലും പൊതുപരിപാടികളിലും പ്രത്യേകം ക്ഷണിക്കണം.
7. എ.ഡി.എസ്. ആർ.പി. പരിശീലനം കുറ്റമറ്റ രീതിയിൽ നടക്കുന്നുവെന്ന് ഉറപ്പാക്കണം. പരിശീലന സ്ഥലങ്ങളിൽ ബ്ലോക്ക് കോഓർഡിനേറ്റർമാർ നിർബന്ധമായും ഉണ്ടാക്കണം
8. പഠന സഹായികൾ കൃത്യമായി ആർ.പി. മാർക്ക് ലഭ്യമാക്കണം.
9. ജില്ലാതല ഉദ്ഘാടനം, പ്രചരണ പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്യുക.
10. കുടുംബശ്രീ സ്കൂൾ ഫോർമാറ്റ് അനുബന്ധം 4 തയ്യാറാക്കി സംസ്ഥാന മിഷന് നൽകുക

**സി.ഡി.എസ്. കമ്മിറ്റി ചുമതലകൾ**

1. എ.ഡി.എസ്. ആർ.പി.മാരെ കണ്ടെത്തുകയും അവർ നിശ്ചിത സമയത്തു തന്നെ പരിശീലനത്തിൽ പങ്കെടുത്തുവെന്ന് ഉറപ്പാക്കുകയും ചെയ്യുക.
2. എ.ഡി.എസ്. ആർ.പി.മാർക്കാവശ്യമായ പിന്തുണ നൽക്കുക.
3. എ.ഡി.എസ്. അടിസ്ഥാനത്തിൽ ടൈം ടേബിൾ തയ്യാറാക്കുക.
4. എ.ഡി.എസ്. ആർ.പി. പരിശീലനത്തിനാവശ്യമായ ഹാൾ, സൗണ്ട് സിസ്റ്റം, എന്നിവ ക്രമീകരിക്കുന്നതിനാവശ്യമായ സഹായങ്ങൾ നല്കുക
5. കുടുംബശ്രീ സ്കൂൾ രജിസ്റ്റർ (അനുബന്ധം 1) തയ്യാറാക്കി സൂക്ഷിക്കുക.
6. കുടുംബശ്രീ സ്ക്കൂളിൽ വിജയകരമായി പങ്കെടുത്ത എല്ലാ അയൽക്കൂട്ടങ്ങൾക്കും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുക.
7. എല്ലാ ആർ.പി. മാർക്കും കുടുംബശ്രീ മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡു ചെയ്യുന്നതിനാവശ്യമായ ക്രമീകരണം ചെയ്യുക.
8. സി.ഡി.എസ്. തല ആസൂത്രണം നിർവ്വഹിക്കുക.
9. യഥാസമയം വിവരങ്ങൾ അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുക
10. ഫീൽഡുതല മോണിട്ടറിംഗ് നടത്തുക.
11. ജനപ്രതിനിധികളെ പങ്കെടുപ്പിക്കുക, പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവ.

### എ.ഡി.എസ്. ആർ.പി. ചുമതലകൾ

1. തങ്ങൾക്ക് നിശ്ചയിക്കപ്പെട്ട അയൽക്കൂട്ടങ്ങളിൽ നിശ്ചയിക്കപ്പെട്ട തീയതിയിലും സമയത്തും ക്ലാസുകൾ എടുക്കുക.
2. അയൽക്കൂട്ട അംഗങ്ങളുമായി സൗഹാർദ്ദപൂർവ്വം പെരുമാറുക.
3. പഠന സഹായികൾ ശരിയായി പഠിച്ച് ക്ലാസ് കുറിപ്പുകൾ തയ്യാറാക്കി സ്ക്കൂളിൽ പങ്കെടുക്കുക. ആവശ്യമായ പഠനോപകരണങ്ങൾ മുൻക്കൂട്ടി തയ്യാറാക്കി വെക്കുക.
4. ഏതെങ്കിലും കാരണവശാൽ നിശ്ചയിക്കപ്പെട്ട ദിവസം ക്ലാസിൽ ഹാജരാകാൻ കഴിയാതെ വന്നാൽ ആ വിവരം അയൽക്കൂട്ടത്തിനെ അറിയിക്കുക.
5. കൈ പുസ്തകത്തിലെ അനുബന്ധം 1,2,3,4 ഫോറങ്ങൾ പൂരിപ്പിച്ച് അയൽക്കൂട്ടത്തിൽ നിന്നും വാങ്ങി സി ഡി എസ്സിൽ ഏൽപ്പിക്കുക.
6. കുടുംബശ്രീ സ്ക്കൂളിൽ കുടുംബാംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.

### സി ടി സിയുടെ ചുമതലകൾ

- ജില്ലാ മിഷൻ നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ എഡിഎസ് ആർ പി മാർക്കുള്ള പരിശീലനം പൂർത്തീകരിക്കുക.
- തങ്ങൾക്ക് ചുമതലയുള്ള സി ഡി എസുകളിൽ കുടുംബശ്രീ സ്ക്കൂൾ പ്രവർത്തനം വിജയകരമായി സംഘടിപ്പിക്കുക.
- ബില്ലുകളും വൗച്ചറുകളും യഥാസമയം സെറ്റിൽ ചെയ്യുക.
- ഡേറ്റ എൻട്രി കൃത്യ സമയത്തു പൂർത്തീകരിക്കുക.
- ഡോക്ക്യുമെന്റേഷൻ ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും യഥാസമയം പൂർത്തീകരിക്കുക.

### കുടുംബശ്രീ സ്കൂൾ സംഘടിപ്പിക്കേണ്ട ദിവസങ്ങൾ

1. ഡിസംബർ 1,2
2. ഡിസംബർ 8,9
3. ഡിസംബർ 15,16
4. ഡിസംബർ 22,23
5. ഡിസംബർ 29,30
6. ജനുവരി 5,6
7. ജനുവരി 12,13

പാഠപുസ്തകത്തിലെ 3,4,5,6 വിഷയങ്ങൾ ശനി,ഞായർ ദിവസങ്ങളിൽ രാവിലെയും ഉച്ചയ്ക്കും എന്ന രീതിയിൽ തീർക്കേണ്ടതാണ്. കഴിഞ്ഞ വർഷത്തെ കുടുംബശ്രീ സംഘടന, കുടുംബശ്രീ പദ്ധതികൾ എന്നീ വിഷയങ്ങൾ മുകളിൽ പറഞ്ഞിരിക്കുന്ന ദിവസങ്ങളിൽ അയൽക്കൂട്ടത്തിന്റെ സൗകര്യം അനുസരിച്ച് ഏത് ദിവസങ്ങളിലും നടത്താവുന്നതാണ്.

**പ്രവർത്തന കലണ്ടർ**

| ക്രമ നമ്പർ | പ്രവർത്തനം | സമയക്രമം |
|---|---|---|
| 1 | ജില്ലാ തല ആസൂത്രണം | നവംബർ 10 |
| 2 | റിസോർസ് പേഴ്സൺ ജില്ലാതല മീറ്റിംഗ് | നവംബർ 8 |
| 3 | എ .ഡി .എസ് ആർ പി പരിശീലനം | നവംബർ 12 - നവംബർ 30 |
| 4 | പോസ്റ്റർ പ്രിന്റിംഗ് | നവംബർ 15 |
| 5 | സി.ഡി.എസ്. തല ആസൂത്രണ യോഗം | നവംബർ 15 |
| 6 | ഗാനശേഖരം സി.ഡി. തയ്യാറാക്കൽ | നവംബർ 18 |
| 7 | എ.ഡി.എസ് തല ആസൂത്രണം | നവംബർ 18 |
| 8 | അയൽക്കൂട്ടതല ആസൂത്രണം | നവംബർ 24,25 |
| 9 | രംഗശ്രീ കലാജാഥ, ഫ്ളാഷ് മോബ് | നവംബർ 26 - 30 |
| 10 | കുടുംബശ്രീ സ്കൂൾ സംസ്ഥാന, ജില്ലാ, പഞ്ചായത്ത്/ നഗരസഭതല ഉദ്ഘാടനവും ക്ലാസ് ആരംഭവും | 2018 ഡിസംബർ 1 |
| 11 | വിലയിരുത്തൽ ഫോറം, ഹാജർ നാളതീകരണം, ഡോക്യുമെന്റേഷൻ റിപ്പോർട്ട് സമർപ്പണം. | 2019 ജനുവരി 30 |

മേൽപറഞ്ഞ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക **എൻ.ആർ.എൽ.എം. ഫണ്ടിലെ ORG 9 എന്ന ശീർഷകത്തിൽ** നിന്നും കൈപുസ്തകത്തിന്റെ പ്രിന്റിങ് തുക പ്ലാൻ **ഫണ്ടിലെ ORG 5 എന്ന ശീർഷകത്തിൽ** നിന്നും ചെലവഴിക്കേണ്ടതാണ്.

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

*<u>അനുബന്ധം 1</u>*

# കുടുംബശ്രീ സ്കൂൾ – 2018 – സി.ഡി.എസ്.രജിസ്റ്റർ

| ക്രമ നം. | എ.ഡി.എസ്. പേര് | അയൽക്കൂട്ടത്തിന്റെ പേര് | സ്കൂൾ വിഷയങ്ങൾ | ക്ലാസ്സ് നടന്ന സ്ഥലം | തീയതി | സമയം | പങ്കെടുക്കേണ്ടിയിരുന്ന അംഗങ്ങൾ | പങ്കെടുത്ത അംഗങ്ങൾ | % |
|---|---|---|---|---|---|---|---|---|---|
| 1 | | | 1. കുടുംബശ്രീ അയൽക്കൂട്ടം | | | | | | |
| | | | 2. കുടുംബശ്രീ പദ്ധതികൾ | | | | | | |
| | | | 3. കണക്കെഴുത് | | | | | | |
| | | | 4. ധനമാനജ്മെന്റ് | | | | | | |
| | | | 5. ഉപജീവന പ്രവർത്തന മൈക്രോ സംരംഭത്തിലൂടെ | | | | | | |
| | | | 6. ദുരന്ത നിവാരണ പ്രവർത്തനം അയൽക്കൂട്ട തലത്തിൽ | | | | | | |
| | | | **ആകെ** | | | | | | |
| 2 | | | 1. കുടുംബശ്രീ അയൽക്കൂട്ടം | | | | | | |
| | | | 2. കുടുംബശ്രീ പദ്ധതികൾ | | | | | | |
| | | | 3. കണക്കെഴുത് | | | | | | |
| | | | 4. ധനമാനജ്മെന്റ് | | | | | | |
| | | | 5. ഉപജീവന പ്രവർത്തന മൈക്രോ സംരംഭത്തിലൂടെ | | | | | | |
| | | | 6. ദുരന്ത നിവാരണ പ്രവർത്തനം അയൽക്കൂട്ട തലത്തിൽ | | | | | | |
| | | | **ആകെ** | | | | | | |

ഒപ്പ്:

**സി.ഡി.എസ്.ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറി**

*അനുബന്ധം 2*

## കുടുംബശ്രീ സ്കൂൾ – 2018

## ജില്ലാ മിഷനുകൾക്കുള്ള ചെക്ക് ലിസ്റ്റ്

| ക്രമ നം. | പ്രവർത്തനം | പൂർത്തീകരിച്ചു | പൂർത്തീകരിച്ചില്ല | റിമാർക്ക്സ് |
|---|---|---|---|---|
| 1. | എ.ഡി.എസ്.തല ആർ.പി. തെരഞ്ഞെടുപ്പ് | | | |
| 2. | എ.ഡി.എസ്. ആർ.പി. തെരഞ്ഞെടുപ്പ് വെബ് അപ്ഡേഷൻ | | | |
| 3. | ജില്ലാ മിഷൻ ഉദ്യോഗസ്ഥരുടെ ജില്ലാതല ആസൂത്രണ യോഗം | | | |
| 4. | ജില്ലാ മിഷൻ ഉദ്യോഗസ്ഥർക്ക് സി.ഡി.എസ്സുകളുടെ ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കൽ | | | |
| 5. | ഉത്തരവിന്റെ പകർപ്പ്, ലിസ്റ്റ് സംസ്ഥാന മിഷനിൽ ലഭ്യമാക്കൽ | | | |
| 6. | ഡോക്യുമെന്റേഷന് ആവശ്യമായ സജ്ജീകരണങ്ങൾ, മുന്നൊരുക്കങ്ങൾ | | | |
| 7. | കുടുംബശ്രീ സ്കൂൾ ഫോർമാറ്റ് അനുബന്ധം 4 തയ്യാറാക്കി സംസ്ഥാന മിഷന് നൽകുക | | | |
| 8. | സി.ഡി.എസ്.തല ആസൂത്രണ യോഗം (2018 നവംബർ 15) | | | |
| 9. | എ.ഡി.എസ്.തല പരിശീലനം (2018 നവംബർ 12 ഷെഡ്യൂൾ തയ്യാറാക്കൽ | | | |
| 10. | എ.ഡി.എസ് തല ആസൂത്രണ യോഗം (2018 നവംബർ 18) | | | |
| 11. | എ.ഡി.എസ്. ആർ.പി. യോഗങ്ങൾ സി.ഡി.എസ്. തലത്തിൽ (2018 നവംബർ 20 – 25) | | | |
| 12. | എ.ഡി.എസ്. ആർ.പി. പരിശീലനം മുന്നൊരുക്ക പ്രവർത്തനങ്ങൾ (പരിശീലന ഹാൾ, മറ്റു സജ്ജീകരണങ്ങൾ, എ.ഡി.എസ്. ആർ.പി.മാർക്ക് പരിശീലന അറിയിപ്പ് നൽകൽ) | | | |

| ക്രമ നം. | പ്രവർത്തനം | പൂർത്തീകരിച്ചു | പൂർത്തീകരിച്ചില്ല | റിമാർക്ക്സ് |
|---|---|---|---|---|
| 13. | എ.ഡി.എസ്. തല ആർപി പരിശീലന ഷെഡ്യൂൾ പ്രകാരം പൂർത്തിയാക്കൽ (2018 നവംബർ 30 നകം) | | | |
| 14. | വാട്സ് അപ്പ് ഗ്രൂപ്പ് ആരംഭിക്കൽ – എ.ഡി.എസ്. ആർ.പി.മാരുടെ (സി.ഡി.എസ്. തലം) | | | |
| 15. | ആദിവാസി – തീരദേശ മേഖലകളിൽ കുടുംബശ്രീ സ്കൂൾ നടത്തിപ്പ് ആസൂത്രണം | | | |
| 16. | കുടുംബശ്രീ സ്കൂൾ പ്രചരണ ഗാനങ്ങൾ തയ്യാറാക്കൽ | | | |
| 17. | അയൽക്കൂട്ടതല ആസൂത്രണം (2018 നവംബർ 24,25) – അയൽക്കൂട്ട യോഗത്തിൽ സി.ഡി.എസ്സിൽ നിന്നും ലഭിച്ച കുറിപ്പിന്റെ അടിസ്ഥാനത്തിൽ സ്കൂൾ ചർച്ച. | | | |
| 18. | ജില്ലാ തല ഉദ്ഘാടനത്തിനുള്ള സിഡിഎസ്, അയൽക്കൂട്ടം എന്നിവ തീരുമാനിക്കുകയും പഞ്ചായത്ത് ഭരണ സമിതിയുടെ പിന്തുണ ഉറപ്പുവരുത്തുക | | | |
| 19. | ജില്ലാ തല ഉദ്ഘാടനത്തിന് വിശിഷ്ട വ്യക്തികളുടെ പട്ടിക തയ്യാറാക്കൽ, അറിയിപ്പ് നൽകൽ | | | |
| 20. | കുടുംബശ്രീ സ്കൂൾ പോസ്റ്റർ ലഭ്യമായത് സി.ഡി.എസ്സുകൾക്ക് വിതരണം ചെയ്യൽ | | | |
| 21. | കുടുംബശ്രീ സ്കൂൾ കൈപ്പുസ്തകം സി.ഡി.എസ്സുകൾക്ക് വിതരണം ചെയ്യൽ | | | |
| 22. | എ.ഡി.എസ്.തല അയൽക്കൂട്ട ക്ലാസ്സുകളുടെ ടൈംടേബിൾ തയ്യാറാക്കൽ (സി.ഡി.എസ്സിലെ ഓരോ എ.ഡി.എസ്സിനും) | | | |
| 23. | കുടുംബശ്രീ പ്രവർത്തനങ്ങളുടെ വിലയിരുത്തലിന് സംസ്ഥാന മിഷനിൽ നിന്നും ലഭ്യമായ ചോദ്യാവലി പ്രിന്റ് ചെയ്യൽ | | | |
| 24. | ആവശ്യമായ എണ്ണം ചോദ്യാവലി പകർപ്പുകൾ സി.ഡി.എസ്സിന് ലഭ്യമാക്കൽ | | | |

| ക്രമ നം. | പ്രവർത്തനം | പൂർത്തീകരിച്ചു | പൂർത്തീകരിച്ചില്ല | റിമാർക്ക്സ് |
|---|---|---|---|---|
| 25. | വിലയിരുത്തൽ ഫോറം, ഹാജർ പട്ടിക, ആർ.പി.മാരുടെ വിലയിരുത്തൽ ഫോറം എന്നിവ ക്ലാസ്സുകൾക്കു ശേഷം അയൽക്കൂട്ടത്തിൽ നിന്നും ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ | | | |
| 26. | കുടുംബശ്രീ സ്കൂൾ പ്രചരണ പ്രവർത്തനങ്ങൾ അയൽക്കൂട്ടതല ആസൂത്രണം അറിയിപ്പ് നൽകൽ. | | | |
| 27. | പ്രവേശനോത്സവം മുന്നൊരുക്ക പ്രവർത്തനം | | | |
| 28. | ജില്ലാ തല ഉദ്ഘാടനം, ക്ലാസ്സുകൾ ആരംഭിക്കൽ (2018 ഡിസംബർ 1 ) | | | |
| 29. | കുടുംബശ്രീ സ്കൂൾ വിലയിരുത്തൽ (സി.ഡി.എസ്. തലം) ആദ്യ ആഴ്ചയിലെ ക്ലാസ്സിനു ശേഷം | | | |
| 30. | കുടുംബശ്രീ സ്കൂൾ ജില്ലാ മിഷൻ ഉദ്യോഗസ്ഥരുടെ വിലയിരുത്തൽ യോഗം ആദ്യ ആഴ്ചയിലെ ക്ലാസ്സിനു ശേഷം എല്ലാ വ്യാഴാഴ്ചയും (ജില്ലാ തലം) | | | |
| 31. | കുടുംബശ്രീ സ്കൂൾ ഡോക്യൂമെന്റേഷൻ റിപ്പോർട്ട്– സംസ്ഥാന മിഷനിൽ ലഭ്യമാക്കൽ (2019 ഫെബ്രുവരി 1) | | | |

## കുടുംബശ്രീ സ്കൂൾ – 2018

# മൊബൈൽ അപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുന്നതിന് ആൻഡ്രോയിഡ് ഫോൺ ഉള്ള അധ്യാപകരുടെ വിവരം

**ജില്ല:**

| ക്രമ നമ്പർ | സി ഡി എസ് | ആകെ ആർ പി മാർ | ആൻഡ്രോയിഡ് ഫോൺ ഉള്ള ആകെ ആർ പി മാർ |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

ഒപ്പ്

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ